**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 676** **10-02-2025 - ൽ മറുപടിയ്ക്ക്**

**മരിപ്പുഴ ജലവൈദ്യുത പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ലിന്റോ ജോസഫ് | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | തിരുവമ്പാടി മണ്ഡലത്തിലെ മറിപ്പുഴയിൽ സ്ഥാപിക്കുന്ന 6 മെഗാവാട്ട് ശേഷിയുള്ള ചെറുകിട ജലവൈദ്യുത പദ്ധതിയുടെ നിർമ്മാണം ആരംഭിച്ചിട്ടില്ല എന്ന വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ കാരണം വിശദമാക്കാമോ; | (എ) | തിരുവമ്പാടി മണ്ഡലത്തിലെ മരിപ്പുഴയിൽ സ്ഥാപിക്കുന്ന 6 മെഗാവാട്ട് ശേഷിയുള്ള ചെറുകിട ജലവൈദ്യുത പദ്ധതിയുടെ നിർമ്മാണം ആരംഭിച്ചിട്ടില്ല എന്ന വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പദ്ധതിക്ക് ആവശ്യമായ എല്ലാ വിഭാഗത്തിലുമുള്ള ഭൂമിയുടെയും ഏറ്റെടുക്കൽ നടപടികൾ പൂർത്തീകരിക്കാൻ സാധിക്കാത്തതിനാലാണ് പദ്ധതി ആരംഭിക്കാൻ കഴിയാത്തത്.<br><br>പദ്ധതിക്ക് ആവശ്യമായ സ്വകാര്യ ഭൂമിയുടെ 95% വും ഏറ്റെടുത്തിട്ടുണ്ട്. ബാക്കി രണ്ടു ഭൂവുടമകളിൽ നിന്നും RFCTLARR Act, 2013 പ്രകാരം ഭൂമി ഏറ്റെടുക്കുവാൻ സർക്കാർ ഉത്തരവ് ലഭിച്ചിട്ടുണ്ട്. ആയതിന്റെ തുടർ നടപടികൾ പുരോഗമിക്കുന്നു. പദ്ധതിയുടെ നടത്തിപ്പിന് ആവശ്യമായ വനഭൂമി കെ.എസ്.ഇ.ബി.എൽ-നു കൈമാറ്റം ചെയ്യുന്നതിനുള്ള നടപടികൾ അവസാന ഘട്ടത്തിലാണ്. പദ്ധതിക്ക് ആവശ്യമായ പട്ടികവർഗ്ഗ ഭൂമി RFCTLARR 2013, ആക്ട് പ്രകാരം ഏറ്റെടുക്കുന്നതിനുള്ള ബോർഡ് അനുമതി ലഭ്യമായിട്ടുണ്ട്. റവന്യൂ വകുപ്പിൽ നിന്ന് അനുമതി ലഭിച്ചാലുടൻ തന്നെ പട്ടികവർഗ്ഗഭൂമി ഏറ്റെടുക്കാനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |
| (ബി) | പദ്ധതി നിർമ്മാണം എന്നത്തേക്ക് ആരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ? | (ബി) | പദ്ധതിക്ക് ആവശ്യമായ ഭൂമി ഏറ്റെടുക്കൽ നടപടികൾ പൂർത്തിയായാൽ ഉടൻ തന്നെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ